**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **28-07-2021 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ ഓൺലൈൻ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ .സി .ബാലകൃഷ്ണൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങൾ നടത്തുന്ന ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജൻമാർ നുഴഞ്ഞുകയറി അശ്ലീലങ്ങളും മറ്റും പ്രചരിപ്പിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം തടയുന്നതിന് സൈബർ പോലീസ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഇതിന്റെ ഭാഗമായി സൈബർ പോലീസിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് Zoom, Google Meet തുടങ്ങിയവയിൽ സുരക്ഷിതമായി എങ്ങനെ ക്ലാസുകൾ കൈകാര്യം ചെയ്യാമെന്നുള്ളതിനെ സംബന്ധിച്ച് ബോധവത്കരണം നടത്തുകയും ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്ന Link, Password എന്നിവ കൈമാറ്റം ചെയ്യപ്പെടാതെ സൂക്ഷിക്കുന്നതിനായി അദ്ധ്യാപകർക്കും, രക്ഷിതാക്കൾക്കും അവബോധം നൽകുകയും ചെയ്തുവരുന്നു. |
| (ബി) | വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ പഴുതടച്ച സുരക്ഷ ഉറപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചത് ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഓൺലൈൻ ക്ലാസ്സുകളിൽ സുരക്ഷ ഉറപ്പാക്കുന്നത് സംബന്ധിച്ച് താഴെപറയുന്ന നിർദ്ദേശങ്ങൾ സ്കൂൾ അധികാരികൾക്കും, രക്ഷിതാക്കൾക്കും നൽകിയിട്ടുണ്ട്. 1. ഓൺലൈൻ പഠന ക്ലാസുകളിൽ നൽകുന്ന ലിങ്കുകൾ മറ്റ് വാട്ട്സാപ്പ് ഗ്രൂപ്പുകളിലോ, പബ്ലിക് പ്ലാറ്റ്ഫോമുകളിലോ, സോഷ്യൽ മീഡിയകളിലോ പോസ്റ്റ് ചെയ്യാനോ, ഷെയർ ചെയ്യാനോ പാടില്ല. 2. വിദ്യാർത്ഥികളോടും, രക്ഷിതാക്കളോടും Google Meet-ൽ പങ്കെടുക്കുമ്പോൾ G-mail Account കളിൽ 2-step verification enable ചെയ്യുന്നതിനും Secondary E-mail id കൂട്ടിച്ചേർത്ത ശേഷം ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 3.Google Meet-ൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ ഉപയോഗിക്കുന്ന device-കളുടെ പേര് renameചെയ്ത് അവരവരുടെ പേര് നൽകി ക്ലാസുകളിൽ പങ്കെടുക്കേണ്ടതും അദ്ധ്യാപകർ ഇത് ഉറപ്പുവരുത്തേണ്ടതുമാണ്. 4. Google Meet Conduct ചെയ്യുന്ന അദ്ധ്യാപകരോട് ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്ന സമയത്ത് ജോയിൻ ചെയ്യുന്ന വിദ്യാർത്ഥികളുടെ device-കളിലെ G-mail Account കളിലെ പ്രൊഫൈൽ പിക്ചർ വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | | | ഫോട്ടോ ആക്കുന്നതിനും, ക്ലാസ്സുകൾ നടത്തുന്ന സമയം വീഡിയോ ക്യാമറ ഓൺ ചെയ്ത്, മൈക്ക് mute ചെയ്ത് ക്ലാസ്സുകളിൽ പങ്കെടുക്കുന്നതിന്, ക്ലാസ്സുകളുടെ വിവരങ്ങൾ screen record ചെയ്ത് സൂക്ഷിക്കുന്നതിനും, ക്ലാസ്സുകളിൽ join ചെയ്ത വിദ്യാർത്ഥികളുടെ username സ്ക്രീൻ ഷോട്ട് എടുത്ത് സൂക്ഷിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ